"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കോട്ടയം നാഗമ്പടം പനയക്കഴപ്പുക്കര പ്ലാമറ്റത്തിൽ വീട്ടിൽ ശ്രീമതി ചന്ദ്രമതിയമ്മാളിനെ ടിയാൾ കൈപ്പറ്റിയ ഭവന നിർമ്മാണ ധനസഹായം (മുതൽ തുകയും പലിശയും) തിരികെ അടയ്ക്കുന്നതിൽ നിന്നും, ജപ്തി നടപടികളിൽ നിന്നും ഒഴിവാക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.699/2025/LSGD തീയതി,തിരുവനന്തപുരം, 15-03-2025

---

പരാമർശം:-

1. ശ്രീമതി ചന്ദ്രമതിയമ്മാൾ ബഹു. മുഖ്യമന്ത്രി മുൻപാകെ G 3240800271 നമ്പരായി 30.07.2024ൽ സമർപ്പിച്ച പരാതി
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.10.2024 ലെ LSGD/2136/2024-DPLD1 നമ്പർ കത്ത്
3. കോട്ടയം നഗരസഭാ കൗൺസിലിന്റെ 14.01.2025 ലെ 13-ാം നമ്പർ തീരുമാനം

**ഉത്തരവ്**

ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം നൽകിയ ധനസഹായം ഉപയോഗിച്ച് കരാർ കാലാവധിയ്ക്കുള്ളിൽ ഭവന നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചില്ല എന്നും കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിന്റെ ഭാഗമായി റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചുവെന്നും തുക തിരികെ അടയ്ക്കാൻ യാതൊരു നിർവാഹവുമില്ലാത്തതിനാൽ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ അടയ്ക്കുന്നതിൽ നിന്നും ജപ്തി നടപടിയിൽ നിന്നും ഒഴിവാക്കണമെന്ന് പരാമർശം 1 പ്രകാരം കോട്ടയം നഗരസഭയിലെ വാർഡ് 13 ൽ നാഗമ്പടം സ്വദേശി ശ്രീമതി ചന്ദ്രമതിയമ്മാൾ പ്ലാമറ്റത്തിൽ വീട്, പനയക്കഴപ്പുക്കര, എന്നയാൾ അഭ്യർത്ഥിച്ചിരുന്നു.

ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം 1,40,000/- രൂപ 3 ഗഡുക്കളായി അനുവദിച്ചിരുന്നുവെന്നും എന്നാൽ ഭാഗികമായി നിർമ്മിച്ച വീട് 2018 ലെ വെള്ളപ്പൊക്കത്തിൽ കേടുപാടുകൾ സംഭവിച്ച് വാസയോഗ്യമല്ലാതായെന്നും രോഗിയും വിധവയുമായ ടിയാൾക്ക് തുക

തിരിച്ചടയ്ക്കാൻ യാതൊരു മാർഗ്ഗവുമില്ലാത്തതിനാൽ ശ്രീമതി ചന്ദ്രമതിയമ്മാളിന്റെ ദയനീയ സാഹചര്യം പരിഗണിച്ച് ടിയാൾ കൈപ്പറ്റിയ മുതൽ തുകയും പലിശയും തിരികെ അടയ്ക്കുന്നതിൽ നിന്നും റവന്യൂ റിക്കവറി നടപടികളിൽ നിന്നും ടിയാളെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 2 പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി. കൈപ്പറ്റിയ ഭവന നിർമ്മാണ ധനസഹായം (മുതൽ തുകയും പലിശയും) തിരികെ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി നൽകുന്നതിന് സർക്കാരിൽ സമർപ്പിക്കുന്നതിനായി പരാമർശം 3 പ്രകാരം കോട്ടയം നഗരസഭാ കൗൺസിൽ തീരുമാനമെടുത്തിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം നാഗമ്പടം പനയക്കഴപ്പുക്കര പ്ലാമറ്റത്തിൽ വീട് ശ്രീമതി ചന്ദ്രമതിയമ്മാളിനെ, കൈപ്പറ്റിയ ഭവന നിർമ്മാണ ധനസഹായം (മുതൽ തുകയും പലിശയും) തിരികെ അടയ്ക്കുന്നതിൽ നിന്നും ജപ്തി നടപടികളിൽ നിന്നും ഒഴിവാക്കികൊണ്ടും, ഈ വിഷയത്തിൽ നടപടികൾ സ്വീകരിക്കാൻ കോട്ടയം നഗരസഭാ സെക്രട്ടറിയെ ചുമതലപ്പെടുത്തി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
സെക്രട്ടറി, കോട്ടയം നഗരസഭ
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്) ,കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 15-03-2025 16:15:33
സെക്ഷൻ ഓഫീസർ